**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**പരിപത്രം**

**നം.95/2021/ധന** **തീയതി, തിരുവനന്തപുരം, 23.10.2021**

വിഷയം :- 01.01.2016-ന ശേഷം എയ്ഡഡ് കോളേജുകളിൽ നിന്നും UGC/AICTE/MES സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പുനർനിർണ്ണയിക്കുന്നതു - സംബന്ധിച്ച്.

സൂചന :- 1. സ.ഉ(അ) നം.151/2021/ധന തീയതി 05.11.2021.
2. സ.ഉ(അ) നം.38/2021/ധന തീയതി 25.02.2021.
3. സ.ഉ(അ) നം.41/2021/ധന തീയതി 26.02.2021.
4. സർക്കുലർ നം.28/2021/ധന തീയതി 19.03.2021.

സൂചന (1) & (2) ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ ഗവ./എയ്ഡഡ് കോളേജുകളിൽ നിന്നും UGC സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെയും സൂചന (3) പ്രകാരം AICTE/MES വിഭാഗത്തിൽപ്പെട്ട (ഗവ. മെഡിക്കൽ/ദന്തൽ/നഴ്സിംഗ്/ഫാർമസ്യൂട്ടിക്കൽ സയൻസ്/ആയുർവേദ/എഞ്ചിനീയറിംഗ് കോളേജുകൾ) വിരമിച്ച അദ്ധ്യാപകരുടെയും പെൻഷൻ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും സൂചന (4) പ്രകാരം പ്രസ്തുത പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. 01.01.2016-ന ശേഷം ഗവ. കോളേജുകളിൽ നിന്നും UGC/AICTE/MES സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ അവരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ പുനർനിർണ്ണയിച്ച് ആതറൈസ് ചെയ്തു നൽകുന്നതാണ്. എന്നാൽ 01.01.2016-ന ശേഷം എയ്ഡഡ് കോളേജുകളിൽ നിന്നും UGC/AICTE/MES സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ച് അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടത് ഫിസിക്കലായിട്ടാണോ അതോ പ്രിസം സോഫ്റ്റ്‌വെയർ മുഖേനയാണോ എന്ന ആശയക്കുഴപ്പം പല കോളേജുകളിലും നിലനിൽക്കുന്നതിനാൽ ടി വിഭാഗം ജീവനക്കാരുടെ പെൻഷൻ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 01.01.2016-ന ശേഷം എയ്ഡഡ് കോളേജുകളിൽ നിന്നും UGC/AICTE/MES സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ പുനർനിർണ്ണയിക്കുന്നതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് പല കോളേജ് അധികൃതരും വിരമിച്ച അദ്ധ്യാപകരും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.01.2016-ന ശേഷം എയ്ഡഡ് കോളേജുകളിൽ നിന്നും UGC/AICTE/MES സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കുന്നതിനുള്ള സംവിധാനം പ്രിസം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും 01.01.2016-ന ശേഷം ഗവൺമെന്റ് കോളേജുകളിൽ നിന്നും UGC/AICTE/MES സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ അക്കൗണ്ടന്റ് ജനറൽ ഇതിനോടകം തന്നെ ആരംഭിച്ച സാഹചര്യത്തിലും 01.01.2016-ന ശേഷം എയ്ഡഡ് കോളേജുകളിൽ നിന്നും UGC/AICTE/MES സ്കെയിലിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ പുനർനിർണ്ണയിക്കുന്നതു സംബന്ധിച്ച് ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 01.01.2016-ന ശേഷം സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ നിന്നും UGC സ്കെയിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ അതത് കോളേജുകൾ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമ പ്രകാരം പുനർനിർണ്ണയിച്ച് സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ആയതും അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പ്രൊഫോർമ സൂക്ഷ്മ പരിശോധന നടത്തി മേലൊപ്പ് വച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പെൻഷൻ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ടി ഉത്തരവിന്റെ പകർപ്പ്, പ്രൊഫോർമ, സേവന പുസ്തകം എന്നിവ സഹിതം പുനർനിർണ്ണയിച്ച പെൻഷൻ ആതറൈസ് ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതാണ്.
- 01.01.2016-ന ശേഷം സംസ്ഥാനത്തെ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും AICTE സ്കെയിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ അതത് കോളേജുകൾ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമ പ്രകാരം പുനർനിർണ്ണയിച്ച് സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ആയതും അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ റീജിയണൽ ജോയിന്റ് ഡയറക്ടർക്കു സമർപ്പിക്കേണ്ടതും (റീജിയണൽ ഡയറക്ടറേറ്റിനു കീഴിൽ വരാത്ത കോളേജുകൾ നേരിട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു സമർപ്പിക്കേണ്ടതാണ്) റീജിയണൽ ജോയിന്റ് ഡയറക്ടർ പ്രൊഫോർമ സൂക്ഷ്മ പരിശോധന നടത്തി മേലൊപ്പ് വച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പെൻഷൻ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ടി ഉത്തരവിന്റെ പകർപ്പ്, പ്രൊഫോർമ, സേവന പുസ്തകം എന്നിവ സഹിതം പുനർനിർണ്ണയിച്ച പെൻഷൻ ആതറൈസ് ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതാണ്.
- 01.01.2016-ന ശേഷം സംസ്ഥാനത്തെ എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജുകളിൽ നിന്നും MES സ്കെയിൽ വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ അതത് കോളേജുകൾ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമ പ്രകാരം പുനർനിർണ്ണയിച്ച് സേവന

പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ആയതും അനുബന്ധ രേഖകളും സഹിതം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പെൻഷൻ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം ടി ഉത്തരവിന്റെ പകർപ്പ്, പ്രൊഫോർമ, സേവന പുസ്തകം എന്നിവ സഹിതം പുനർനിർണ്ണയിച്ച പെൻഷൻ ആതറൈസ് ചെയ്യുന്നതിനായി അക്കൗണ്ടന്റ് ജനറലിനു സമർപ്പിക്കേണ്ടതാണ്.

**എ. ഷിബു**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് - പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരളം, തിരുവനന്തപുരം.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ / സാങ്കേതിക വിദ്യാഭ്യാസ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ
എല്ലാ എയ്ഡഡ് ആർട്സ് & സയൻസ് / എഞ്ചിനീയറിംഗ് / ആയുർവേദ കോളേജുകളിലെ പ്രിൻസിപ്പാൾമാർ
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അണ്ടർ സെക്രട്ടറി
ധനകാര്യ വ്യയം സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി
സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-1833842).

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**

**Proforma for Revising Pension of Aided College Teachers who retired after 01.01.2016 under UGC/AICTE/MES Scheme**

1. Name of Pensioner :
2. Permanent Employee Number :
3. Designation :
4. Department :
5. PPO Number :
6. AG's reference ID :
7. Qualifying Service :
8. Date of Birth :
9. Date of Superannuation :
10. Date of Retirement :
11. Due date of pension :

**<u>Details of Revised Pensionary Benefits</u>**

*(As per GO(P)No.151/2020/Fin dated 05.11.2020 & GO(P)No.38/2021/Fin dated 25.02.2021 / GO(P)No.41/2021/Fin dated 26.02.2021 (strike off whichever is not applicable))*

Emoluments for last 10 months :

Average Emoluments :

Last Pay :

Revised Basic Pension :

Revised Family Pension Higher Rate :

Revised Family Pension Normal Rate :

Revised Commuted Value of Pension :

Revised Reduced Pension :

Revised DCRG :

*I hereby certify that the details given above have been verified by me and the Revision shown above as per the fixation statement is found correct according to the rules and is recorded in Page No........, Vol. No....... of Service Book.*

Date : Signature, Name, PEN & Official
Place: Address of Principal

(Office seal)

---------------------------------------------------------------------------------------------------

No.............../2021

Address of Office of the
Deputy Director of Collegiate Education/
Regional Directorate of Technical Education

*Countersigned.*

Date : Signature, Name, PEN & Official
Place: Address of Receiving Authority

(Office seal)

---------------------------------------------------------------------------------------------------

No.............../2021

Address of Directorate of
Collegiate Education/Technical Education/
Ayurveda Medical Education

*Verified and found correct.*

Date : Signature, Name, PEN & Official
Place: Address of Pension Sanctioning Authority

(Office seal)